" ഭരണഭാഷ മാതൃഭാഷ "

## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.

**(സാന്നിദ്ധ്യം - എസ്. ആനന്ദകൃഷ്ണൻ. ഐ.പി.എസ്)**

വിഷയം - എക്സൈസ് ഭരണപരം - റിട്ട. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എം.വി.ബാബുരാജിന് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് മനഃകല്പിതമായ (notional) സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) ഉത്തരവ് നമ്പർ XD3-29422/2017 തീയതി 01.12.2017.

2) എക്സൈസ് കമ്മീഷണറുടെ 21.08.2017-ലെ XD3-219/2016/EXC നമ്പർ ഉത്തരവ്.

3) റിട്ട.അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. എം.വി.ബാബുരാജിന്റെ 04.10.2018-ലെ അപേക്ഷ.

4) കാസർഗോഡ് വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോയുടെ 01.03.2018-ലെ 215/2018/KSD നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ XD3-29422/17 തീയതി 27.09.2018.

6) 03.06.2021-ലെ നികുതി F1/392/2018/നി.വ നമ്പർ സർക്കാർ കത്ത്.

7) 01.11.2019-ലെ നികുതി F2/10/2019/ നി.വ നമ്പർ സർക്കാർ കത്ത്.

8) ഉത്തരവ് നമ്പർ EXC/2311/2018/XD3 തീയതി 28.05.2018.

**ഉത്തരവ് നമ്പർ XD3-29422/2017 തീയതി: 28.01.2022**

ശ്രീ. എം.വി.ബാബുരാജ് 11.03.2016-ൽ മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ ജോലിനോക്കിയിരുന്ന കാലയളവിൽ വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത തുക കണ്ടെത്തിയതിനെ തുടർന്ന് V.C-02/2016/KSD നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചിരുന്നു. പ്രസ്തുത കാരണത്താൽ ടിയാന്റെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ പ്രൊമോഷൻ 29.03.2016-മുതൽ തടഞ്ഞുവച്ചിരുന്നു. തുടർന്ന് വിജിലൻസ് ടി കേസിൽ കുറ്റാരോപണ മെമ്മോ നൽകാതിരുന്നതിനാൽ 01.12.2017-ൽ പരാമർശം(1) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേയ്ക്ക് പ്രൊമോഷൻ നൽകിയിരുന്നു. തുടർന്ന് ശ്രീ. എം.വി.ബാബുരാജ് ടിയാന്റെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലെ സീനിയോറിറ്റി സംരക്ഷിച്ചുകിട്ടുന്നതിനായി അപേക്ഷ

സമർപ്പിച്ചതിൻപ്രകാരം പരാമർശം (2) പ്രകാരമുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.01.2016-മുതൽ 31.05.2017-വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 21 ശ്രീ. പ്രകാശ്.എം.എസ്-നും സീരിയൽ നമ്പർ 22 ശ്രീ. റ്റി.രഞ്ജിത്ത് ബാബുവിനും ഇടയിലായി സീരിയൽ നം.21A-ആയി ശ്രീ. എം.ബാബുരാജിനെ ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇപ്പോൾ ശ്രീ. എം.വി.ബാബുരാജ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിഷയത്തിൽ സൂചന (6) കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ട്. ഒരു ജീവനക്കാരൻ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം ടിയാന്റെ സർവ്വീസ് കാലയളവിൽ ഏതെങ്കിലും സമയത്ത് ചട്ടപ്രകാരം പ്രൊമോഷന് യോഗ്യനാണെന്ന് പിന്നീട് കണ്ടെത്തുന്ന പക്ഷം, സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ട്, ടിയാന് പെൻഷൻ ആനുകൂല്യങ്ങളോടെ നോഷണൽ പ്രൊമോഷൻ/നിയമനം നൽകുന്നതിനുള്ള വ്യവസ്ഥയാണ് ചട്ടം KS&SSR ഭാഗം 2-ലെ ചട്ടം 28(b)(i)(14). അതായത് സർവ്വീസിൽ തുടർന്നിരുന്ന സമയത്ത് ചട്ടങ്ങളുടെ തെറ്റായ പ്രയോഗം മൂലം ഒരു ജീവനക്കാരനെ പ്രൊമോഷന് അയോഗ്യനാണെന്ന് കണ്ടെത്തി പ്രൊമോഷനിൽ നിന്ന് ഒഴിവാക്കപ്പെട്ടു എന്ന് വിരമിച്ചതിനുശേഷം കണ്ടെത്തുന്ന പക്ഷം സ്വീകരിക്കുന്ന പരിഹാരനടപടിയാണ് ചട്ടം 28(b)(i)(14)-ലൂടെ വ്യവസ്ഥ ചെയ്യുന്നത് എന്നും ശ്രീ. എം.വി.ബാബുരാജിന് സർവ്വീസിൽ തുടർന്നിരുന്ന കാലയളവിൽ ടിയാനെതിരെയുള്ള വിജിലൻസ് കേസിൽ കുറ്റപത്രം പുറപ്പെടുവിച്ചിട്ടില്ലാത്ത പക്ഷം വിജിലൻസ് കേസ് നിലവിലുള്ള കാരണത്താൽ ടിയാനെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിൽ

ആയത് ക്രമപ്രകാരമല്ല എന്നും ആയതിനാൽ ശ്രീ. എം.വി.ബാബുരാജ് സർവ്വീസിൽ തുടർന്നിരുന്ന കാലയളവിൽ ടിയാനെതിരെയുള്ള വിജിലൻസ് കേസിൽ കുറ്റപത്രം പുറപ്പെടുവിച്ചിട്ടില്ലാത്ത പക്ഷവും ടിയാന്റെ തൊട്ടടുത്ത ജൂനിയറിന് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകിയ ഒഴിവ് നിലവിൽ വന്ന തീയതിയിൽ ശ്രീ. എം.വി.ബാബുരാജിന് സ്പെഷ്യൽ റൂൾ പ്രകാരവും, പൊതുചട്ടങ്ങൾ പ്രകാരവും എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ പ്രൊമോഷന് യോഗ്യത നേടിയിട്ടുള്ള പക്ഷവും ടിയാന് ചട്ടം 28(b)(i)(14)-ന്റെ ആനുകൂല്യം നൽകി ടിയാന്റെ തൊട്ടടുത്ത ജൂനിയർ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ചുമതലയേറ്റ 04.06.2018 തീയതി പ്രാബല്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടേയും മുൻകാല കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതും, പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ പെൻഷനറി ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കാവുന്നതാണെന്നും സർക്കാർ അറിയിച്ചിരിക്കുന്നു. ശ്രീ. എം.വി.ബാബുരാജിനെതിരായി 11.03.2016-ൽ വിജിലൻസ് കാസർഗോഡ് യൂണിറ്റിൽ രജിസ്റ്റർ ചെയ്ത VC-02/2016/KSD നമ്പർ കേസ് അന്വേഷണാവസ്ഥയിൽ തുടരുന്നതും, ടിയാനെതിരെ നാളിതുവരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടില്ലായെന്നും, പരാമർശം (7) കത്ത് പ്രകാരം സർക്കാർ അറിയിച്ചിട്ടുള്ളതാണ്. ശ്രീ. എം.വി.ബാബുരാജിന്റെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ തൊട്ടുജൂനിയറായ ശ്രീ. രഞ്ജിത്ത് ബാബു.റ്റി പരാമർശം(8) ഉത്തരവ് പ്രകാരം 28.05.2018-ൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചത് 04.06.2018-തീയതിയിൽ ടി തസ്തികയിൽ ചുമതല ഏറ്റിട്ടുണ്ട്. ശ്രീ. എം.വി.ബാബുരാജ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ

സ്ഥാനക്കയറ്റത്തിനാവശ്യമായ സ്പെഷ്യൽ റൂൾ പ്രകാരമുള്ള എല്ലാ യോഗ്യതകളും നേടിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. എം.വി.ബാബുരാജിന് 04.06.2018 തീയതി പ്രാബല്യത്തിൽ KS&SSR 28(b)(i)(14)-വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും മുൻകാല കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് മനഃകല്പിതമായ (notional) സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഒപ്പ്/-

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ:-

ശ്രീ. എം.വി.ബാബുരാജ്,
അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(റിട്ട), വസുന്ധര(H),
അലവിൽ, കണ്ണൂർ-670008

ശ്രീപകർപ്പ് :-

1) അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം
3) കമ്പ്യൂട്ടർ സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4) ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

അംഗീകാരത്തോടെ,

സൂപ്രണ്ട്